Page 1 of 2

ശ്രീ. ഇ. മുറാദിനേയും സീനിയർ ക്ലാർക്ക് ശ്രീ. ഗീവർഗ്ഗീസിനെയും സി.ബി.ഐ. അറസ്റ്റ് ചെയ്തിട്ടുണ്ട്.

(സി) ഭൂമി തട്ടിപ്പിലൂടെ അപഹരിക്കപ്പെട്ട ഭൂമിയുടെ അളവ് സംബന്ധിച്ച വിവരം അന്വേഷണം പൂർത്തിയാകുന്നമുറയ്ക്ക് മാത്രമേ ലഭ്യമാകുകയുള്ളൂ.

## പ്രീ-റവന്യൂ സർവ്വെ അദാലത്തുകൾ

57 (2550) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ എല്ലാ ജില്ലകളിലും പ്രീ-റവന്യൂ സർവ്വെ അദാലത്തുകൾ സംഘടിപ്പിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) പ്രസ്തുത സംവിധാനംമുഖേന എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കിനുദ്ദേശിച്ചിരുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) അദാലത്തിലൂടെ എത്ര ശതമാനം പരാതികൾ പരിഹരിച്ചു ;

(ഡി) പരിഹരിക്കാത്ത പരാതികളിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

### ഉത്തരം

(എ) എല്ലാ ജില്ലകളിലും പ്രീ-റവന്യൂ സർവ്വേ അദാലത്തുകൾ നടത്തിയിട്ടുണ്ട്.

(ബി) 31-12-2011 വരെ കുടിശ്ശികയുള്ള ഫയലുകളിൽ കോടതി കേസ്സുകൾ ഒഴികെയുള്ള സാധ്യമായ എല്ലാ ഫയലുകളും തീർപ്പാക്കുന്നതിനും എൽ.ആർ.എം., മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി, എൻ.എഫ്.ബി.എസ്., പോക്കുവരവ്, ഭൂമി സംബന്ധമായ മറ്റ് വിഷയങ്ങൾ, പട്ടയം എന്നീ വിഷയങ്ങളിൽ അടിയന്തര നടപടികൾ സ്വീകരിച്ച് ഗുണഭോക്താക്കൾക്ക് ആയതിന്റെ പ്രയോജനം ലഭ്യമാക്കുന്നതിന് വേണ്ടിയാണ് അദാലത്ത് സംഘടിപ്പിച്ചത്.

(സി) പ്രീ-അദാലത്തിന്റെ ഫലമായി 5,14,581 പരാതികൾ പരിഹരിക്കപ്പെട്ടു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പരിഹരിക്കപ്പെടാത്ത പരാതികൾ ഫയൽ തീർപ്പാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ മാസവും നടത്തിവന്നിരുന്ന ഫയൽ അദാലത്തിലൂടെ തീർപ്പാക്കിവന്നിരുന്നതും ബാക്കിയുള്ളവ റവന്യൂ വകുപ്പുമന്ത്രി 2015 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ നടത്തിയ റവന്യൂ-സർവ്വേ അദാലത്തിൽ ഉൾപ്പെടുത്തി പരിഹരിച്ചിട്ടുള്ളതാണ്. എന്നാൽ തീർപ്പാക്കാൻ കഴിയാത്ത ചില ഫയലുകളിൽ നടപടി തുടർന്നുവരുന്നു.

## ഫ്ലഡ് റിലീഫ് സ്കീം

**58 (2551)** <u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫ്ലഡ് റിലീഫ് സ്കീമിൽ എത്ര കോടി രൂപയാണ് കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ചതെന്ന് വ്യക്തമാക്കാമോ ;

(ബി) നിലവിലുള്ള സ്കീമിൽ ഉൾപ്പെടുത്തിയ പദ്ധതികളുടെ പ്രവൃത്തി നടത്തുന്നത് സ്റ്റേ ചെയ്തുകൊണ്ട് ഏതെങ്കിലും ജില്ലയിൽ നടപടികളുണ്ടായിട്ടുണ്ടോ ;

(സി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഡി) സ്റ്റേ ചെയ്തിട്ടുണ്ടെങ്കിൽ ഇതുമൂലമുണ്ടായ പ്രയാസങ്ങൾ പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും 2015-16 സാമ്പത്തിക വർഷം ആകെ 243,57,27,201 (ഇരുന്നൂറ്റി നാൽപ്പത്തിമൂന്ന് കോടി അൻപത്തിയേഴ് ലക്ഷത്തി ഇരുപത്തിയേഴായിരത്തി ഇരുന്നൂറ്റിയൊന്ന് രൂപ മാത്രം) രൂപ വിവിധ ശീർഷകങ്ങളിലായി ജില്ലാ കളക്ടർമാർക്ക് അനുവദിച്ചിട്ടുണ്ട്.

(ബി&സി) 13-ാം ധനകാര്യ കമ്മീഷന്റെ കാലാവധി 31-3-2015-ന് അവസാനിക്കുന്നതിനാൽ അതിനുമുമ്പ് തീർപ്പാക്കാൻ കഴിയാത്ത പ്രവൃത്തികൾ തുടങ്ങാൻ അനുമതി നൽകേണ്ടതില്ലെന്ന് 13-2-2015-ലെ 5054/K1/2015/ ഡി.എം.ഡി. നമ്പർ കത്ത് മുഖാന്തിരം എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിരുന്നു.

(ഡി) 31-3-2015-ന് മുമ്പ് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി ആരംഭിച്ചിരുന്നതും എന്നാൽ 13-2-2015-ലെ 5054/K1/2015/ഡി.എം.ഡി. നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ നിർത്തിവച്ചിരുന്നതുമായ പ്രവൃത്തികൾക്ക്

LIBRARY ARCHIVES Kerala Legislative Assembly